ഡാക്ടർ എ. ആർ. മേനോൻ.—ആ ആക്ട് പാലകപ്പറ്റുത്തലും കൂടി അറിയുന്നവനായിരുന്നാൽ അതും കൂടി നോക്കിക്കൊണ്ടാൽ നന്നായിരുന്നുമല്ലേ?

രാമവമ്മതമ്പുരാൻ.—വാർഡനു് അതൊന്നും വേണമെന്നു തോന്നുന്നില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അധ്യാപകത വിദ്യാർത്ഥികൾക്കുവേണ്ടി തുടങ്ങുന്ന ഹോസ്റ്റലിൽ മാനേജരോ വാർഡനോ ആയി അധ്യാപകനെ നിയമിക്കുമോ എന്ന ചോദ്യത്തിനു് ഒഴിവുവരുമ്പോൾ നിയമിക്കുന്നതാണെന്ന മറുപടി പറഞ്ഞിരിക്കുന്നു. ഇപ്പോൾ ഒഴിവു വന്നിട്ടില്ലെന്നാണോ അതിന്റെ അർത്ഥം?

രാമവമ്മതമ്പുരാൻ.—അതെ, ഒഴിവുവരുമ്പോൾ വക്കാമെന്നാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇപ്പോൾ ആ ജോലി ഒഴിവില്ലാതിരിക്കയാണോ?

രാമവമ്മതമ്പുരാൻ.—അതു് തുടങ്ങിക്കഴിഞ്ഞിട്ടുപോലുമില്ല. തുടങ്ങിക്കഴിഞ്ഞാലേ ഒഴിവു ഉണ്ടാകയുള്ളൂ. അപ്പോൾ ഒരാളെ വക്കാമെന്നാണു് പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ചോദ്യത്തിൽ പറയുന്ന ഹോസ്റ്റൽ തുടങ്ങീട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല. അതല്ലേ ഇവിടെ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—തുടങ്ങുന്ന സമയത്തു് ഒരു അധ്യാപകനെ ആ ജോലിയിൽ നിയമിക്കുമോ?

രാമവമ്മതമ്പുരാൻ.—വക്കുവാൻ വിരോധമില്ല. അയാൾക്കു ഒരു മിനിമം കപ്പാളിഫിക്കേഷൻ വേണം.

മിസ്റ്റർ ജോസഫ് പൊട്ട.—മിനിമം കപ്പാളിഫിക്കേഷൻ എന്താണെന്നു തീച്ചയാക്കീട്ടില്ലേ?

രാമവമ്മതമ്പുരാൻ.—ഇതുവരെ തീച്ചയാക്കീട്ടില്ല.

Well—Depressed Class Colony —Aranattukara.

120. മിസ്റ്റർ കെ. പി. വള്ളോൻ.—(a) അരനാട്ടുകര അധ്യാപകത കോളനിയിൽ കിണറു കുഴിപ്പിച്ചതിനു് കൊടുക്കുവാനുണ്ടായിരുന്ന സംഖ്യ കൊടുത്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടു കൊടുത്തില്ല;

(b) ടി സംഖ്യ കിട്ടായ്കയാൽ അധ്യാപകർ ദിവാൻജി അവർകൾക്കു് ഹരജി കൊടുത്തതിനു് ടി അധ്യാപക സംഘം സിക്രട്ടേരിയെ സംരക്ഷകൻ ദോഷപ്പെട്ട അടിക്കുവാനും ഇടിക്കുവാനും മറ്റും ചെല്ലുകയുണ്ടായോ;

(c) ഈ സംഭവത്തെപ്പറ്റി ദിവാൻജി അവർകൾക്കു് വല്ല ഹരജിയും കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു അന്വേഷണം നടത്തിയതാരാണു്; അന്വേഷണഫലമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—(a) കൊടുത്തു.

(b) ഇല്ല.

(c) ഉണ്ടു്. ഹരജി അന്വേഷണത്തിലിരിക്കുന്നു.

Contractor—Payment for digging a well—Mulanthuruthi.

121. മിസ്റ്റർ കെ. പി വള്ളോൻ.—(എ) മുളന്തുരുത്തു് അടുത്തുള്ള അധഃകൃത കോളനിയിൽ കിണർകുത്തിയ അധഃകൃതനു് കൊടുക്കുവാനുണ്ടായിരുന്ന സംഖ്യ കൊടുത്തുവോ;

(ഒ) ഇല്ലെങ്കിൽ എന്തുകൊണ്ടു് കൊടുത്തില്ല;

(ന) ടി കോളനിയിലുള്ള കരാറു് ഇപ്പോൾ നടത്തുന്നതു് ആരാണു്; ടിയാന്റെ മേൽവിലാസമെന്തു?

രാമവമ്മതമ്പുരാൻ.—(എ) കൊടുത്തു.

(ഒ) ഈ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

(ന) ഇപ്പോൾ ആ കോളനിയിൽ ഒരു പണിയും നടക്കുന്നില്ല. കരാറു കൊടുത്തിട്ടില്ല.

Aranattukara —Depressed Colony.

122. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) അരണാട്ടുകര കോളനിയിൽ പുതിയ പണിചെയ്ത സി. എം. വേലായുധൻ സംഖ്യ ചോദിച്ചപ്പോൾ കള്ളൻ എന്നും മറ്റും വിളിക്കുകയുണ്ടായോ;

(ഒ) ടിയാൻ അയച്ച ഹരജിയുടെ കൂടെ എഴുതിയിരുന്ന ശ്ലോകത്തിന്റെ ഒരു കോപ്പി ഈ മേശപ്പുറത്തു് വെക്കുമോ?

രാമവമ്മതമ്പുരാൻ.—(എ) ഇല്ല.

(ഒ) ടിയാന്റെ ഹരജിയുടെ കൂടെ ശ്ലോകമൊന്നും ഉണ്ടായിരുന്നില്ല.

Labour Inspector—relationship—Protector.

123. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത സംരക്ഷകനും ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള ലേബർ ഇൻസ്പെക്ടരും ബന്ധുക്കളാണെന്നുള്ള വിവരം ഗവർമ്മേണ്ടു് അറിഞ്ഞിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ബന്ധുക്കളല്ല.

Head clerk—Protector's Office.

124. മിസ്റ്റർ കെ. പി. വള്ളോൻ.—(a) മിസ്റ്റർ കെ. ആർ. ശങ്കരനെ സംരക്ഷണ ആപ്പീസിലെ ഹെഡ് ക്ലാർക്കായിട്ടു് നിയമിച്ചതാരാണു്.

(b) ടിയാനെ പൊല്ലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും തരം താഴ്ത്തുവാനുള്ള കാരണമെന്തു്;

LIBRARY ARCHIVES Kerala Legislative Assembly